# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 972 05.03.2020 ൽ മറുപടിക്ക്**

**സംസ്ഥാന പാതകൾ വികസിപ്പിക്കുവാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) എല്ലാ സംസ്ഥാന പാതകളും രണ്ടുവരി നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) സംസ്ഥാന പാതകൾ ഘട്ടം ഘട്ടമായി രണ്ടുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ബഡ്ജറ്റ്, കിഫ്ബി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിരത്തുകൾ നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.<br>കെ.എസ്.റ്റി.പി പദ്ധതിയിൻ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എല്ലാം തന്നെ രണ്ടു വരി നിലവാരത്തിലേയ്ക്ക് വികസിപ്പിച്ചാണ് ആവിഷ്കരിക്കുന്നത്. കാസർകോട്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ), പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ), ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ), പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ) എന്നിവയാണ് നിലവിൽ കെ.എസ്സ്.റ്റി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് രണ്ടു വരിപ്പാതയായി വികസിപ്പിച്ച റോഡുകൾ.<br>കെ.ആർ.എഫ്.ബി-യുടെ അധീനതയിലുള്ള റോഡുകളിലെ സംസ്ഥാന പാത വെള്ളയമ്പലം - കവടിയാർ - പേരൂർക്കട - വഴയില റോഡ് (4.70 കി.മീ) ആണ്. ഇതിൽ വെള്ളയമ്പലം - കവടിയാർ റോഡിൽ 500 മീറ്റർ ആറ് വരി പാതയും, ബാക്കി വരുന്ന 4.20 കി.മീ നാലുവരിപ്പാതയായാണ് തിരുവനന്തപുരം നഗരപാത വികസന പദ്ധതി മുഖാന്തരം വികസിപ്പിച്ചിട്ടുള്ളത്. |

റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡിന്റെ കീഴിൽ സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന മുതൽ വെള്ളറട വരെ (35.5 കി.മി) 13.5 മീറ്റർ വീതിയിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് 15.02.2016 ലെ GO(Rt) No. 355/2016/PWD ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ഈ റോഡിന്റെ ഡി.പി.ആർ എസ്റ്റിമേറ്റ് തുക 225.3 കോടി രൂപയാണ്. 6(1) നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തി കല്ലുകൾ 0 കി.മീ മുതൽ 35.5 കി.മീ വരെ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| ബി) | രണ്ടുവരി പാതയാക്കുന്നതിന് എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ; | ബി) & സി) | നിരത്തു വിഭാഗത്തിനു കീഴിൽ നിലവിൽ സംസ്ഥാനപാതകൾ രണ്ടുവരിപ്പാതയാക്കുന്നതിനുള്ള പ്രത്യേക പ്രൊപ്പോസലുകളൊന്നും നിലവിലില്ല.<br>കെ.എസ്.റ്റി.പി മുഖാന്തരം പുനലൂർ-പൊൻകുന്നം റോഡ് രണ്ടുവരിയായി വികസിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിനാവശ്യമായ സ്ഥലമെടുപ്പ് 99% പൂർത്തീകരിച്ചിട്ടുണ്ട്.<br>റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡിന്റെ കീഴിൽ കരമന-വെള്ളറട റോഡ് (35.5 കി.മീ) അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്നതാണ്. അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്ന റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. 35.50 കി.മീ നീളമുള്ള ഈ റോഡ് 13.50 മീറ്റർ വീതിയിൽ ജംഗ്ഷനുകളും ബസ്സ്ബേകളും ഉൾപ്പെടെ വികസിപ്പിക്കുന്നതിലേക്ക് ഏകദേശം 10.10 ഹെക്ടർ (25 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രധാനപ്പെട്ട ഏതെങ്കിലും സംസ്ഥാന പാതകൾ നാലുവരി പാതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പാതകൾ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ